പാക്കേജ്പദ്ധതി

* 944. [7] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്റ്റേറ്റിൽ എത്തെല്ലാം ജില്ലകളിൽ പാക്കേജ് പദ്ധതി നടപ്പിലുണ്ട് ;

(ബി) തൃശ്ശൂർ ജില്ലയിൽ പാക്കേജ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ;

(സി) അതിന്റെ നടപടികൾ എത്രത്തോളമായി ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിൽ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്ടെ സിവിൽലൈൻ

* 945. [8] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിവിൽ ലൈനിന്റെ സ്ഥലത്തിനുള്ള അക്വിസിഷൻ തുടങ്ങിയോ ;

(ബി) സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും എസ്റ്റിമേറ്റ് തയാറായോ ;

(സി) അതിന്റെ പ്രവൃത്തി എന്നാരംഭിക്കും ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനുവേണ്ടി രണ്ട് ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ ഡിസൈൻ തയാറാക്കുന്നതേയുള്ളൂ. അതു പൂർത്തിയായശേഷം എസ്റ്റിമേറ്റ് തയാറാക്കുന്നതാണ്.

(സി) ഇതിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ : സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നത് ഏതെങ്കിലും പ്രത്യേക ഡിസൈൻ അനുസരിച്ചാണോ, അതോ അതതു സ്ഥലത്തുള്ള പ്രത്യേക സ്ഥിതി അനുസരിച്ചാണോ ഡിസൈൻ സ്വീകരിക്കാറുള്ളത് ?

ശ്രീ. പി. പി. ഉമ്മർകോയ: ഓരോ സ്ഥലത്തും സ്ഥാപിക്കുന്ന സിവിൽ സ്റ്റേഷൻ അതാതു സ്ഥലത്തുള്ള ഓഫീസുകൾ എല്ലാം ഇടുന്നതിനുള്ള സൗകര്യം അനുസരിച്ച് അതിനാവശ്യമായ ഡിസൈൻ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ : ഇപ്പോൾ കോഴിക്കോട്ട് സ്ഥാപിക്കാൻ പോകുന്ന സിവിൽ സ്റ്റേഷന്റെ ആവശ്യത്തിനുവേണ്ടി രണ്ടേക്കർ സ്ഥലം അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. ആ രണ്ടേക്കർ സ്ഥലത്തിനുള്ളിൽ സ്ഥാപിക്കുന്ന സിവിൽ സ്റ്റേഷനിൽ അവിടെയുള്ള എല്ലാ ആഫീസുകളും ഇടാനുള്ള സൗകര്യം ഉണ്ടെന്നാണോ ഗവണ്മെന്റിൽനിന്നും ഉദ്ദേശിക്കുന്നത് ?

ശ്രീ. പി. പി. ഉമ്മർകോയ : രണ്ട് ഏക്കർ സ്ഥലം മാത്രമേ അക്വയർ ചെയ്യേണ്ട ആവശ്യമുള്ളൂ. ബാക്കി ഒൻപതര ഏക്കറോളം ഗവണ്മെന്റ് സ്ഥലം ഉള്ളതുകൊണ്ട് അതു അക്വയർ ചെയ്യേണ്ട ആവശ്യമില്ലല്ലോ.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : കോഴിക്കോട്ട് സ്ഥാപിക്കാൻ പോകുന്ന സിവിൽ ലൈനിന്റെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : എസ്റ്റിമേറ്റ് ഇതുവരെ തയാറാക്കിയിട്ടില്ല.

ശ്രീ. പി. ഗോപാലൻ : മറ്റു ജില്ലാ തലസ്ഥാനങ്ങളിലുള്ള സിവിൽ സ്റ്റേഷനുകളെ അപേക്ഷിച്ചു കണ്ണൂരിലുള്ള സിവിൽ സ്റ്റേഷൻ ഏറ്റവും ചെറുതും യാതൊരു സൗകര്യവും ഇല്ലാത്തതുമാണ്. അതുകൊണ്ട് അവിടെയുള്ള സിവിൽ സ്റ്റേഷൻ വിപുലീകരിക്കാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : കണ്ണൂരിലുള്ള സിവിൽ സ്റ്റേഷൻ ഏറ്റവും ചെറിയതാണെന്നു പറയുന്നതു് ശരിയല്ല. കുറെ സൗകര്യക്കുറവുണ്ടെന്നുള്ളതു് ശരിയാണു്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുന്നതിനും കുറേക്കൂടി വിപുലീകരിക്കുന്നതിനും ആലോചിക്കാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഓരോ ജില്ലാ തലസ്ഥാനങ്ങളിലും ഇങ്ങനെ സിവിൽ സ്റ്റേഷനുകൾ പണിയുന്നതിന്റെ ഉദ്ദേശം എന്താണു് ? അതായതു് സ്ഥലത്തുള്ള എല്ലാ ഗവണ്മെന്റു് ഓഫീസുകളും അതായതു് സ്ഥലത്തു പണിയുന്ന സിവിൽ സ്റ്റേഷനിൽ സ്ഥാപിക്കുന്നതിനാണോ ഉദ്ദേശിക്കുന്നതു് ? അങ്ങനെയാണെങ്കിൽ ഇന്നുള്ള സിവിൽ സ്റ്റേഷനുകളിൽ അതിനുള്ള സൗകര്യങ്ങൾ ഉണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ: അതായതു സ്ഥലത്തു സ്ഥാപിക്കുന്ന സിവിൽ സ്റ്റേഷനുകളിൽ അവിടെയുള്ള ഗവണ്മെന്റു് ഓഫീസുകൾ സ്ഥാപിക്കുകയെന്നുള്ളതാണു് ഉദ്ദേശം. പക്ഷെ ഇന്നുള്ള എല്ലാ സിവിൽ സ്റ്റേഷനുകളിലും അതിനുള്ള സൗകര്യങ്ങൾ ഇല്ല. പാലക്കാടു്, കണ്ണൂർ മുതലായ സ്ഥലങ്ങളിലുള്ള സ്റ്റേഷനുകളിൽ വേണ്ടത്ര സൗകര്യം ഇല്ല. മറ്റുള്ളവയിലും ആവശ്യത്തിനുള്ളത്ര സൗകര്യങ്ങൾ ഉണ്ടെന്നു പറയാൻ നിർവാഹമില്ല. എങ്കിലും കുറെ സൗകര്യങ്ങളെല്ലാം ചെയ്തുകൊടുത്തിട്ടുണ്ടു്. ഒന്നു രണ്ടു സ്ഥലങ്ങളിൽ പുതിയതായി സിവിൽ സ്റ്റേഷൻകെട്ടാൻ ഉദ്ദേശിക്കുന്നുണ്ടു്. ആലപ്പുഴ ഒരു സിവിൽസ്റ്റേഷന്റെ പണി നടന്നുകൊണ്ടിരിക്കുകയാണു്. ഇതു് ഒരു നോൺ പ്ലാൻ വക്കാണു്. അതുകൊണ്ടു് അതിലേക്കുവേണ്ടി പ്രത്യേകമായി പണം ഉൾക്കൊള്ളിക്കാൻ സാധിക്കുകയില്ല. ഗവണ്മെന്റിന്റെ സാമ്പത്തികപുരോഗതിക്കനുസരിച്ചു് ഓരോ സ്ഥലത്തും പണി ചെയ്യുന്നതാണു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഈ ചോദ്യത്തിൽ സിവിൽ ലൈൻ പണിയുന്നതിനെ സംബന്ധിച്ചാണു് ചോദിച്ചിരിക്കുന്നതു്. സിവിൽ ലൈനെന്നുവച്ചാൽ ഞാൻ മനസിലാക്കുന്നതു് ഉദ്യോഗസ്ഥന്മാർക്കു് താമസിക്കാനുള്ള സ്ഥലം എന്നാണു്. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതെല്ലാം ഉദ്യോഗസ്ഥന്മാർക്കു് താമസിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതിനെപ്പറ്റിയാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഞാൻ ഇവിടെ സിവിൽ സ്റ്റേഷനെ ഉദ്ദേശിച്ചുകൊണ്ടുള്ള മറുപടിയാണു് പറഞ്ഞതു്. ഇതിലെ ചോദ്യകർത്താവും സിവിൽ സ്റ്റേഷനെ ഉദ്ദേശിച്ചുകൊണ്ടുള്ള ചോദ്യമാണു് ചോദിച്ചിരിക്കുന്നതെന്നാണു് എന്റെ വിശ്വാസം. ഓരോ സ്ഥലത്തും സിവിൽ സ്റ്റേഷനുകൾ സ്ഥാപിക്കുമ്പോൾ അതിനോടു് അനുബന്ധിച്ചു് ഉദ്യോഗസ്ഥന്മാർക്കു് താമസിക്കുന്നതിനുള്ള സിവിൽ ലൈനും പണിയുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എറണാകുളം ജില്ലയിൽ സിവിൽ സ്റ്റേഷൻ നാലഞ്ചുകൊല്ലമായി ആലോചിച്ചു് തീട്ടപ്പെടുത്തിയിട്ടുള്ളതുക്കാക്കരതന്നെയാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു് ? അതോ മറ്റു വല്ല സ്ഥലത്തുമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : അവിടെ ഇതുവരെയും സ്ഥലം നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. തൃക്കാക്കര വേണമോ, അതോ വേറെ വല്ല സ്ഥലത്തും വേണമോയെന്നുള്ളതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അവസാന തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ : സിവിൽ സ്റ്റേഷൻ പണിയാൻ ഉദ്ദേശിക്കുമ്പോഴും, ആ ജില്ലയിൽ എത്ര ഓഫീസുകളും ഉണ്ടെന്നു നോക്കി അതനുസരിച്ചാണോ പണിയുന്നതു്. എന്നാൽ ഇപ്പോഴും ഉള്ള സിവിൽ സ്റ്റേഷനുകളിൽ പ്രധാനപ്പെട്ട ഓഫീസുകൾപോലും ഇടാൻ സൗകര്യം ഇല്ലാത്തവയാണു്. ഉദാഹരണമായി പാലക്കാടു് സിവിൽ സ്റ്റേഷൻ. അവിടെ ഇപ്പോഴും കോടതി മാത്രം ഇട്ടിരിക്കുന്നതുകൊണ്ടു് അവിടെയുള്ള പ്രധാനപ്പെട്ട ഓഫീസുകളും കളക്ടറേറ്റുമെല്ലാം സ്ഥാപിക്കുന്നതിനു് അവിടെ ഒഴിഞ്ഞു കിടക്കുന്ന സർക്കാർവക സ്ഥലത്തു് ഒരു സിവിൽ സ്റ്റേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പാലക്കാട്ടുള്ള സിവിൽ സ്റ്റേഷനിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണെന്നു് ഗവണ്മെൻറിനു് അറിയാം. താമസിയാതെ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ എടുക്കാവുന്നതാണു്.

ശ്രീ. സി. എ. മാത്യു: പലവിധ കാരണങ്ങൾകൊണ്ടും നമ്മുടെ സംസ്ഥാനത്തു് കെട്ടിടങ്ങൾ ഉണ്ടാക്കാൻ പ്രയാസമാണു്. അതിലേറ്റവും പ്രയാസമുള്ളതു് എറണാകുളം ജില്ലയാണു്. അവിടെ ഏറ്റവും വേഗം നല്ല രീതിയിലുള്ള ഒരു സിവിൽ സ്റ്റേഷൻ പണിയുന്നതിനെ സംബന്ധിച്ചിടത്തോളം പ്രത്യേക പരിഗണന കൊടുത്തു്, ഏറ്റവും വേഗം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ അവിടെ പ്രത്യേകമായി എടുക്കുകിലും പരിഗണന കൊടുക്കാൻ ഗവണ്മെൻറിൽനിന്നും ഉദ്ദേശിക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതൊരു നോൺപ്ലാൻ വക്കാണു്. ഓരോ സിവിൽ സ്റ്റേഷൻ പണിയുന്നതിനും വലിയ ഒരു തുക ആവശ്യമാണു്. അതുകൊണ്ടു് അതിനുള്ള സാമ്പത്തികമായ കഴിവുകൂടി നോക്കേണ്ടതുണ്ടു്. എല്ലാവിധ സൗകര്യങ്ങളുമുള്ള സിവിൽ സ്റ്റേഷനുകൾ സ്ഥാപിക്കണമെന്നതന്നെയാണു് ഗവണ്മെൻറിനേറെയും ആഗ്രഹം. അതുകൊണ്ടു് അതിനുള്ള നടപടികളും സാവധാനത്തിലേ സ്വീകരിക്കാൻ നിവൃത്തിയുള്ള.

അരിയുടെ വിലക്കയറ്റം

* 946. [9] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിനു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരിയുടെ വിലക്കയറ്റം തടയുന്നതിനു് വിളവെടുപ്പുകാലത്തു് നെല്ല് വിലയ്ക്കുവാങ്ങി സ്റ്റോക്കുചെയ്യുന്നതിനു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

അരിവിലക്കയറ്റം തടയുന്നതിനു് വിളവെടുപ്പുകാലത്തു് നെല്ലു് വിലയ്ക്കു വാങ്ങി സ്റ്റോക്കുചെയ്യുന്നതു് കമ്മിപ്രദേശമായ കേരളത്തെസംബന്ധിച്ചിടത്തോളം പ്രയോജനപ്രദമാണെന്നു് തോന്നുന്നില്ല. അതിനാൽ അങ്ങനെയൊരു പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ശ്രീ. സി. എ. മാത്യു : ഇന്നു വളരെയധികം അരിയുടെ വിലകൂടിയിരിക്കുന്നതുകൊണ്ടു് അരിയുടെ വില നിശ്ചിത തോതിൽ നിയന്ത്രിക്കാനും ഇന്നു ന്യായവിലഷാപ്പുകളിൽകൂടി വിതരണംചെയ്യുന്ന അരിയുടെ തോതു വർദ്ധിപ്പിക്കാനും ഗവണ്മെൻറു് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly